കലാകൗമുദി.
1984 സെപ്റ്റംബർ 16

മധു നായർ

# സുബിൻമേത്ത ഇന്ത്യയിലേക്ക്

സുബിൻ മേത്ത ആവണം അമേരിക്കയിൽ ഏററവും ഉന്നത ശ്രേണിയിലെത്തിയ ഇന്ത്യാക്കാരൻ. പതിനെട്ടാം വയസ്സിൽ പെററനാടായ ബോംബെ വിട്ടിറങ്ങിയ മേത്ത ഇന്ന് വിശ്വോത്തര ഖ്യാതിയുള്ള ന്യൂയോക്ക് സിംഫണി ഒക്കെസ്ട്രായുടെ മേധാവിയാണ്. മേത്ത കണ്ടക്ട് ചെയ്യുന്നതുകാണുമ്പോൾ അമേരിക്കയിലെ കുലീനയാഥാസ്ഥിതികർ സ്തബ്ധരായിരിക്കുന്നു. മൻഹാട്ടനിലെ സെൻട്രൽ പാർക്കിലെ വാർഷിക പരിപാടിക്ക് സുബിൻമേത്തയെ കാണുവാൻ ജനലക്ഷങ്ങൾ തടിച്ചു കൂടുന്നു.

ഭാര്യ മദാമ്മയാണെങ്കിലും സുബിൻമേത്ത നൂറുശതമാനവും ഇന്നും ഭാരതീയനാണ്. പ്രസിഡന്റ് റീഗൻ ഉപയോഗിക്കുന്നതുപോലെയുള്ള കൊട്ടാരം പോലത്തെ കാറും സാരഥിയുമൊക്കെയുണ്ടെങ്കിലും സുബിൻമേത്ത മൻഹാട്ടനിലെ ഇന്ത്യൻ റസ്റ്ററാന്റുകളിൽ പതിവുകാരനാണ്. ആണ്ടുതോറും ആഗസ്റ്റ് പതിനഞ്ചിന് നഗരമധ്യത്തിലൂടെ ഭാരതീയർ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യദിനപരേഡിന്റെ മുൻനിരയിൽ സുബിൻമേത്തയേയും കാണാം. പണവും പ്രതാപവും വരുമ്പോൾ ഭാരതീയത ആക്ഷേപമായിക്കരുതുന്നവർക്ക് സുബിൻമേത്ത അപവാദവും.



സുബിൻമേത്ത

പാഴ്സിയായ സുബിൻമേത്തക്ക് വ്യക്തമായ രാഷ്ട്രീയാഭിപ്രായങ്ങളുണ്ട്. അവകളിൽ പലതും ഭാരതത്തിന്റെ ദേശീയ നയങ്ങൾക്ക് എതിരാണുതാനും. ഉദാഹരണമായി ഇന്ത്യാ ഇസ്രായേലിനെ അംഗീകരിക്കണമെന്ന് മേത്തകരുതുന്നു. ഭാരതീയപൗരത്വം പരിപാവനമായി കരുതുന്ന സുബിൻ മേത്ത ഇസ്രായേലിന്റെ ദേശീയ സംഗീതജ്ഞൻകൂടെയാണ്. ജൂതവിരോധിയായിരുന്ന ഒരു ജർമ്മൻ കമ്പോസറുടെ കൃതി ജറുസലേമിൽ ആലപിച്ച് ചെറിയൊരു കോളിളക്കവും മേത്ത സൃഷ്ടിക്കുകയുണ്ടായി. സംഗീതം വ്യക്തിവൈരാഗ്യങ്ങളുടെ അതിർവരമ്പുകൾ കടന്നുചെല്ലണമെന്ന് മേത്ത കരുതുന്നു.

വർഷങ്ങൾക്കുശേഷം സുബിൻമേത്ത തന്റെ സംഗീതസന്നാഹങ്ങളോടെ ഇന്ത്യ സന്ദർശിക്കുകയാണ്. സിററി ബാങ്ക് സൗജന്യമായി നല്കിയിരിക്കുന്ന ബോയിംഗ് 707-ൽ മേത്തയും മററു 163 സംഗീതജ്ഞരും 22450 പൗണ്ടു ഭാരമുള്ള സംഗീത ഉപകരണങ്ങളുമായി സെപ്റ്റംബർ ആദ്യവാരത്തോടെ ഇന്ത്യയിൽ എത്തും. ന്യൂയോക്ക് സിംഫണി ഓർക്കസ്ട്രായുടെ ഓരോ പരിപാടികൾ ഡെൽഹിയിലും കൽക്കട്ടായിലും മൂന്നു പരിപാടികൾ ബോംബേയിലും ഉണ്ടായിരിക്കും.

ഇന്ത്യ സ്വപ്നം കണ്ടുകഴിയുന്ന സുബിൻമേത്ത ഈ തീർത്ഥയാത്രയെക്കുറിച്ചോർത്ത് കോൾമയിർകൊള്ളുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

“ഞാൻ ബോംബേയിലിറങ്ങുമ്പോൾ ആദ്യം തോന്നുക ഞാനവിടം ഒരിക്കലും വിട്ടില്ലായെന്നാണ്. ഞാനാമണ്ണിന്റെ അഭേദ്യഘടകമാണ്. ആ ചിന്ത എന്റെ സംഗീതത്തിന്റെ മാത്രമല്ല, എന്റെയും നിലനില്പിന്റെതന്നെ പ്രശ്നമാണ്.”